പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :540 — 03.03. 2020 ൽ മറുപടിക്ക്

# കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. ഐ.ബി.സതീഷ്,
ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;വായ്പകൾ പുന:സംഘടിപ്പിച്ച് പലിശ ഭാരം കുറക്കാൻ നടപടിയെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്നനിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞപലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.<br>(ii) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവ് വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.<br>(iii) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.<br>(iv) AT &C Loss -ഉം നഷ്ടവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br>(v) വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിനു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കി വരുന്നുണ്ട്.<br>(vi) DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതുനിമിത്തം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.<br>വായ്പ പുന:സംഘടിപ്പിച്ച് പലിശഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.<br>ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 11.12.2019-ന് 950 കോടി രൂപയുടെ ഒരു ദീർഘകാല വായ്പ പത്ത് വർഷത്തെ കാലാവധിക്ക് 8.62% പലിശ നിരക്കിൽ എടുക്കുകയും താഴെ പറയുന്ന ഹ്രസ്വകാല വായ്പകൾ 11.12.2019-നു തന്നെ അടച്ച് തീർക്കുകയും ചെയ്തിട്ടുണ്ട്. |

| ബാങ്ക് | വായ്പാതുക | പലിശനിരക്ക് |
|---|---|---|
| ഫെഡറൽ ബാങ്ക് | 300 കോടി | 8.70% |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 500 കോടി | 8.85% |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 70 കോടി | 9% |

(ബി) പ്രകൃതി ദുരന്തങ്ങൾ വൻ ബാധ്യത സൃഷ്ടിച്ചിട്ടും പ്രവർത്തന നഷ്ടം നികത്താൻ സാധ്യമായിട്ടുണ്ടോ; ദീർഘകാലമായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രകൃതിദുരന്തങ്ങൾ വൻബാധ്യത സൃഷ്ടിച്ചിട്ടും 784 കോടിയായിരുന്ന 2017-18 –ലെ പ്രവർത്തന നഷ്ടം 2018-19-ൽ 290 കോടിയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ദീർഘകാലമായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. കാലാകാലങ്ങളിൽ KSERCയുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു ഉപഭോക്താക്കളിൽ നിന്നും KSEBL ദീർഘ കാലമായുള്ള കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ലും 2018 ലും ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനു പുറമെ 2019 ൽ പ്രഖാപിച്ച ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിക്ക് - 29.02.2020 വരെ പ്രാബല്യം ഉണ്ടായിരുന്നു. KSERC യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശയുൾപ്പെടെ തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു.

31.12.2018 – ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ഉപഭോക്താക്കളിൽ നിന്നും ആകെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 2645.90 കോടി രൂപയായിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, ഊർജ്ജിത കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുടേയും ഫലമായി 31.12.2019-ൽ വൈദ്യുതി കുടിശ്ശിക ഗണ്യമായികുറച്ച്, 1548.50 കോടി രൂപയിലെത്തിക്കാൻ സാധിച്ചു. ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ 30.09.2018 വരെയുള്ള കുടിശ്ശികയായ 1062.98 കോടി രൂപയും, ആരോഗ്യവകുപ്പിന്റെ 30.06.2018 വരെയുള്ള കുടിശ്ശികയായ 5.65 കോടി രൂപയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സർക്കാർ തലത്തിൽ തീർപ്പാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 10/2018 മുതലുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് സർക്കാർ ഉത്തരവുപ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും 140.62 കോടി

| | |
|---|---|
| (സി) യുക്തിസഹമായ ഹ്രസ്വ-കാല, ദീർഘകാലാടിസ്ഥാന-ത്തിലുള്ള കരാറുകൾ വഴി വൈദ്യുതി വാങ്ങലിന്റെ ചെലവ് കുറയ്ക്കുന്നതിനും പ്രസരണ വിത-രണ ശൃംഖലകൾ മെച്ചപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | രൂപയും ലഭ്യമാക്കിയിട്ടുണ്ട്. 31.12.2018 - ൽ വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക തുകയായ 1577.71 കോടി രൂപയായിരുന്നത്, 31.12.2019 - ൽ 904.23 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ടി കാലയളവിൽ കുടിശ്ശിക നിവാരണത്തിനായി ഊർജ്ജിത ശ്രമങ്ങളാണ് ബോർഡിൽ നടന്നുവരുന്നത്.<br>(സി) സാദ്ധ്യമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപയോഗത്തിന്റെ ഏകദേശം 30% മാത്രമേ കെ.എസ്.ഇ.ബി.യ്ക്ക് അതിന്റെ സ്വന്തം നിലയങ്ങളിൽ നിന്ന് ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ സംസ്ഥാനത്തിനകത്തുനിന്നു തന്നെയുള്ള സ്വകാര്യ വൈദ്യുതോല്പാദക-രിൽ നിന്നും (IPP), സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) അംഗീകരിച്ച നിരക്കിൽ വാങ്ങുന്നുണ്ട്. ഇതിനുപുറമേ, സംസ്ഥാനത്തിന് പുറമേ നിന്നു വൈദ്യുതി വാങ്ങിയാണ് ലോഡ് ഷെഡിങും, പവർകട്ടും ഒഴിവാക്കി വരുന്നത്. ഇത്തരത്തിൽ പ്രധാനമായും താഴെ പറയുന്ന പ്രകാരമാണ് വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്.<br>a) കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും മറ്റ് സ്വതന്ത്ര വൈദ്യുതി ഉല്പാദകരിൽ നിന്നും ദീർഘകാല കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കി വരുന്നു.<br>b) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരം, മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന കണ്ടെത്തിയ ചുരുങ്ങിയ നിരക്കുകൾ പ്രകാരം, സ്വകാര്യ ഉത്പാദകരുമായും ട്രേഡർമാരുമായും ദീർഘകാല കരാറിലേർപ്പെട്ട് വൈദ്യുതി ലഭ്യമാക്കി വരുന്നു. ഇതിനു പുറമേ കേന്ദ്രഗവൺമെന്റിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ 'DEEP Portal' സംവിധാനത്തിലൂടെ മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് ഹ്രസ്വകാല കരാറിലൂടെ, വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട്, ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കി വരുന്നു.<br>c) വൈദ്യുതിയുടെ ഉയർന്ന തോതിലുള്ള ആവശ്യകതയുള്ള വേനൽക്കാലത്ത്. അന്യസംസ്ഥാനങ്ങളിലെ, വൈദ്യുതി ഉല്പാദകരുമായി ബാങ്കിംഗ് സംവിധാനത്തിലൂടെ വൈദ്യുതി ലഭ്യമാക്കി വരുന്നു. ഈ വൈദ്യുതി വർഷകാലത്ത് അധിക വൈദ്യുതി ലഭ്യമാകുമ്പോൾ തിരികെ നൽകുന്നുണ്ട് സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2016 മാർച്ചിൽ 14.37% ആയിരുന്നു.ഇത് 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനമായപ്പോഴേക്കും 12.47% ത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതുതായി രണ്ട് 220 കെ.വി സബ്സ്റ്റേഷനുകൾ ,പതിനാറ് 110 കെ.വി സബ്സ്റ്റേഷനുകൾ ഉൾപ്പെടെ36 സബ്സ്റ്റേഷനുകൾനിർമ്മിക്കുകയും,9 സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനു പുറമേ 895 കി.മീ പ്രസരണ ലൈനുകൾ നിർമ്മിക്കുകയും വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ് ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വിതരണ മേഖലയിൽ ഇക്കാലയളവിൽ 5361 കി.മീ. എച്ച്.റ്റി ലൈനുകളും, 11887.71 കി.മീ |

| | |
|---|---|
| | എൽ.റ്റി ലൈനുകളും 7033 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രസരണ-വിതരണ നഷ്ടം 1.9% കുറയ്ക്കാൻ കഴിഞ്ഞതിലൂടെ 2016 മാർച്ച് മുതൽ 2018-19 വരെ ഏകദേശം 1030.60 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും, അതുവഴി 429 കോടിയോളം രൂപ വൈദ്യുതി വാങ്ങൽ ചെലവിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രസരണ-വിതരണ നഷ്ടം തുടർന്നും കുറച്ചുകൊണ്ടു വന്ന് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി, പ്രസരണ മേഖലയിൽ 'ട്രാൻസ്ഗ്രിഡ്' പദ്ധതിയും, വിതരണ മേഖലയിൽ 'ദ്യുതി' പദ്ധതിയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തോടെ പ്രസരണ വിതരണ നഷ്ടം വീണ്ടും കുറയ്ക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.<br>വിതരണ നഷ്ടം കുറക്കുന്നതിനു മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനു വേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി ഫീഡറുകളിൽ ബോർഡർ മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിനും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും "ഡി.റ്റി.ആർ മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ